TB Movie Panel Weekly Review

**#MoviePanel**

21 Grams

Written By: Arjun Anand

വളരെ കുറച്ചു വർഷങ്ങൾക്ക് മുൻപ് വരെ മലയാളസിനിമയിൽ മിസ്റ്ററി ക്രൈം ത്രില്ലറുകൾക്ക് ക്ഷാമം അനുഭവപ്പെട്ടിരുന്നു.. ഒന്നോ രണ്ടോ വർഷങ്ങൾ കൂടുമ്പോൾ ഒരു ത്രില്ലർ സിനിമ വന്നാൽ ആയി എന്നുള്ള അവസ്ഥ മാറി അടുത്തകാലത്തായി, കൃത്യമായി പറഞ്ഞാൽ അഞ്ചാം പാതിരക്ക് ശേഷം നിരവധി ത്രില്ലർ സിനിമകൾ ഇതിനോടകം മലയാളത്തിൽ റിലീസ് ആയിക്കഴിഞ്ഞു... ആദ്യാവസാനം ദുരൂഹത നിലനിർത്തുന്ന, പ്രേക്ഷകനെ ചിന്തിപ്പിക്കുന്ന ഉദ്വേഗജനകമായ കഥ പറയുന്ന ചിത്രങ്ങൾക്ക് ലഭിക്കുന്നത് വളരെ വലിയ സ്വീകാര്യത തന്നെ ആണ്..

ചെറിയ ഒരു ഇടവേളക്ക് ശേഷം മലയാളത്തിൽ ഏറ്റവും പുതിയതായി റിലീസ് ആയ ത്രില്ലർ ചിത്രം ആണ് 21 ഗ്രാമ്സ്.. പുതുമുഖം ബിബിൻ കൃഷ്ണയാണ് ചിത്രം എഴുതി സംവിധാനം ചെയ്തിരിക്കുന്നത്... നഗരത്തിൽ ഒരു കൊലപാതകം നടക്കുകയും അത് അന്വേഷിക്കുവാൻ സ്പെഷ്യൽ ക്രൈം ബ്രാഞ്ച് ഉദ്യോഗസ്ഥൻ നന്ദകിഷോർ എത്തുകയും അതിനെ തുടർന്നുള്ള സംഭവങ്ങളും ആണ് ചിത്രം പറയുന്നത്...

തുടക്കം മുതൽ കണ്ടുകൊണ്ടിരിക്കുന്ന പ്രേക്ഷകരിൽ ജിജ്ഞാസ ഉണർത്തുകയും അവരെ കൊണ്ട് കുറ്റവാളിയെ കണ്ടുപിടിക്കാൻ പ്രേരിപ്പിക്കുകയും ഒടുവിൽ അവരുടെ പ്രവചനങ്ങളെ എല്ലാം കാറ്റിൽ പറത്തിക്കൊണ്ട് അവരുടെ ചിന്തകൾക്കും മുകളിൽ നിൽക്കുന്ന തരത്തിൽ കഥപറഞ്ഞവസാനിപ്പിക്കാൻ കഴിയുന്നിടത്താണ് ഒരു മിസ്റ്ററി ത്രില്ലർ ചിത്രം വിജയിക്കുന്നത്... അങ്ങനെ വിലയിരുത്തുമ്പോൾ മലയാളത്തിൽ ഇന്നോളം ഇറങ്ങിയ മികച്ച ത്രില്ലർ ചിത്രങ്ങളിൽ ഒന്നാണ് 21 ഗ്രാമ്സ്..

അന്വേഷണ ഉദ്യോഗസ്ഥൻ ആയ നന്ദകിഷോർ ആയി എത്തിയിരിക്കുന്നത് അനൂപ് മേനോൻ ആണ്.. അനൂപ് മേനോൻ മോഹൻലാലിന് പഠിക്കുകയാണോ എന്ന സോഷ്യൽ മീഡിയ ട്രോളുകളെ ശരിവയ്ക്കും വിധം ഭാവങ്ങളിലും ശരീര ചലനങ്ങളിലും എന്തിനേറെ ചില നോട്ടങ്ങളിൽ പോലും മോഹൻലാലിനെ ഓർമിപ്പിക്കുന്നുണ്ടെങ്കിലും നന്ദകിഷോർ എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ജീവിതവും വ്യക്തിജീവിതവും വൈകാരിക നിമിഷങ്ങളും എല്ലാം വിശ്വസനീയവും മനോഹരമായും അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്... ലിയോണ ഷെണോയിയും അനുമോഹനും പ്രശാന്ത്

അലക്സാണ്ടറും നന്ദുവും ഒക്കെ മികച്ച പ്രകടനകളുമായി സിനിമയ്ക്ക് മികച്ച പിന്തുണ നൽകുന്നുണ്ട്....ലെന അവതരിപ്പിക്കുന്ന,അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളെയും അതിന്റെ വിശദീകരണങ്ങളും ഒക്കെ ആശ്ചര്യച്ഛകിതയായി ശ്രവിക്കുന്ന അന്വേഷണത്തിൽ പ്രധാന വഴിത്തിരിവുകൾ വരുമ്പോൾ അകാരണമായി എതിർപ്പ് പ്രകടപ്പിക്കുന്ന പതിവ് മേലുദ്യോഗസ്ഥയുടെ കഥാപാത്ര സൃഷ്ടി ക്ളീഷേ ആയി അനുഭവപ്പെടുന്നുണ്ട്..

ഒരു ത്രില്ലർ ചിത്രം കാണുന്ന പ്രേക്ഷകനിൽ ജിജ്ഞാസ ജനിപ്പിക്കുന്നതിൽ പിരിമുറുക്കം സൃഷ്ടിക്കുന്ന തിരക്കഥയ്ക്കൊപ്പം പ്രധാന പങ്ക് വഹിക്കുന്നുണ്ട് പശ്ചാത്തല സംഗീതം... ദീപക് ദേവ് അതി മനോഹരമായി തന്നെ ആ കൃത്യം നിർവഹിച്ചിട്ടുമുണ്ട്...കഥാസന്ദർഭം ആവശ്യപ്പെടുന്ന വിധം ഒരു ദുരൂഹത കലർന്ന അന്തരീക്ഷം സൃഷ്ടിക്കുവാൻ ജിത്തു ദാമോദരന്റെ മനോഹരമായ ഫ്രെയിമുകൾക്ക് സാധിച്ചിട്ടുണ്ട്.... മേല്പറഞ്ഞ ഘടകങ്ങളെയെല്ലാം കൃത്യമായ അനുപാതത്തിലും ചടുലതയോടെയും കൂട്ടിയിണക്കിക്കൊണ്ട് പ്രേക്ഷകനെ മുഷിപ്പിക്കാതെ 2.15 മണിക്കൂർ ഒരുക്കുവാൻ അപ്പു ഭട്ടതിരിയുടെ എഡിറ്റിംഗിനും കഴിഞ്ഞിട്ടുണ്ട്..

കൊലപാതകി ആരെന്നുള്ള പ്രേക്ഷകന്റെ അന്വേഷണത്തിനോടുവിൽ അവനെ തെറ്റായ നിഗമനത്തിലേക്ക് നയിക്കുവാനുള്ള,എഴുത്തുകാരൻ കൂടിയായ സംവിധായകന്റെ ബോധപൂർവമുള്ള ശ്രമങ്ങൾ ചെറിയ കല്ലുകടി ആയേക്കാം ചിലർക്കെങ്കിലും... ചുരുക്കം ചില കഥാപാത്രങ്ങളുടെ അതി നാടകീയമായ സംഭാഷങ്ങൾ അലോസരമുണ്ടാക്കുമെങ്കിലും ഈ കുറവുകളെ ഒക്കെ മറച്ചു പിടിക്കാൻ കഴിയുന്ന മികച്ച തിരക്കഥയും അമ്പരപ്പിക്കുന്ന ഒരു ക്ലൈമാക്സും ഒരുക്കാൻ ബിബിന് കഴിഞ്ഞിട്ടുണ്ട്..

നിഗൂഢതയുടെ ചെപ്പും ഒളിപ്പിച്ചെത്തുന്ന മിസ്റ്ററി ക്രൈം ത്രില്ലറുകൾ ഇഷ്ടപ്പെടുന്നവർ തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രം ആണ് 21 ഗ്രാമ്സ്... കാണാത്തവർക്ക് നഷ്ടമാകുന്നത് മികച്ചൊരു അനുഭവം ആയിരിക്കും..